**Desabhimani**

**17 July 2018**

**Kolanchery, Heavy Rain, Flood**



വെള്ളം കയറിയ പി ആൻഡ് ടി കോളനിയിലെ വീടുകളിലൊന്ന്



തൃക്കാക്കര കെന്നഡി മുക്കിന് സമീപം വൈദ്യുതി പോസ്റ്റ് വീണപ്പോൾ

# 44 വീടുകളിൽ വെള്ളം കയറി

**കോലഞ്ചേരി**

കനത്ത മഴയിൽ മേഖലയിൽ 44 വീടുകളിൽ വെള്ളം കയറി. വ്യാപക കൃഷിനാശവും വെള്ളക്കെട്ടും. ഐക്കരനാട്, പൂതൃക്ക, മഴുവന്നൂർ പഞ്ചായത്തുകളിലാണ് മഴ ദുരിതം വിതച്ചത്. തിരുവാണിയൂർ പഞ്ചായത്തിലെ കക്കാട് ഞാറത്തടം കോളനിയിൽ 17, മുരിയമംഗലംകവലേശ്വരത്ത് 15, കുഴിയറയിൽ 12 വീടുകളിലുമാണ് വെള്ളം കയറിയത്. പലരും ബന്ധുവീടുകളിലേക്ക് താമസം മാറി. പശു, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. പഞ്ചായത്തിലെ അത്താണി, ചെമ്മനാട്, വെങ്കിട, കൊച്ചങ്ങാടി മുരിയമംഗലം, നടുക്കുരിശ്, കുപ്പേത്താഴം, അമ്പലപ്പടി എന്നിവിടങ്ങളിൽ വെള്ളക്കെട്ട് കാരണം ഗതാഗതം തടസ്സപ്പെട്ടു. കൊച്ചങ്ങാടി ഒഇഎൻ റോഡിലെ വ്യാപാരസ്ഥാപനങ്ങളിലും മൂന്ന് വീടുകളിലും വെള്ളം കയറി. കപ്പ, ഏത്തവാഴ, പച്ചക്കറി കൃഷികളും വെള്ളത്തിനടിയിലായി. കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ മാമലയിലും പുത്തൻകുരിശ് വട്ടക്കുഴി പാലത്തിന് സമീപവും വെള്ളക്കെട്ട് കാരണം ഗതാഗതം തടസ്സപ്പെട്ടു. വാഹനങ്ങൾ മാമലയിലേക്ക് പോകാതെ മറ്റക്കുഴിചാലിക്കര റോഡിലൂടെ അമ്പലമേട് വഴിയാണ് പോകുന്നത്. ഐക്കരനാട് പഞ്ചായത്തിലെ മാങ്ങാട്ടൂർ കോലഞ്ചേരി റോഡിൽ ഞെരിയാംകുഴിയിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. പൂതൃക്ക പഞ്ചായത്തിൽ കോലഞ്ചേരിരാമമംഗലം റോഡിൽ തമ്മാനിമറ്റം തൂക്കുപാലത്തിന് സമീപം മൂവാറ്റുപുഴയാറിൽനിന്ന് വെള്ളംകയറി ഗതാഗതം തടസ്സപ്പെട്ടു.



കൊച്ചി-ധനുഷ്കോടി ദേശീയപാതയിലെ മാമലയിലുണ്ടായ വെള്ളക്കെട്ട്